(ഡി) താൽകാലികമായി യൂണിറ്റൊന്നിനു 2 രൂപ 75 പൈസ നിരക്കിൽ ജനുവരി മാസം വരെ വാങ്ങിയ ഇനത്തിൽ 321.30 കോടി രൂപ നൽകിയിട്ടുണ്ട്;

(ഇ) എല്ലാ സ്രോതസ്സിൽ നിന്ന് കിട്ടുന്ന വൈദ്യുതി കൂട്ടി കലർത്തിയാണ് ബോർഡ് ഉപഭോക്താവിന് നൽകുന്നത്. ആയതിനാൽ നിലവിലുള്ള താരിഫ് റേറ്റിൽ തന്നെയാണ് എൻ.റ്റി.പി.സി. യുടെ വൈദ്യുതിയും കെ.എസ്.ഇ.ബി. നൽകുന്നത്.

(എഫ്) സെൻട്രൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ തീരുമാനത്തിനു ശേഷമേ കണക്കാക്കാനാവൂ.

(ജി) ആന്റ് (എച്ച്) വിവരം ചുവടെ ചേർക്കുന്നു.

	നിലയം	നിരക്ക് (രൂപ)
1.	എൻ.റ്റി.പി.സി. (രാമഗുണ്ടം)	1.11 രൂപ
2.	ന്യൂക്ളിയർ പവർ കോർപ്പറേഷൻ (കല്പാക്കം)	1.8908
3.	നെയ്വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ (സ്റ്റേജ് 1)	1.0362
4.	നെയ്വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ (സ്റ്റേജ് 2)	1.54.27
5.	പശ്ചിമ മേഖല (മഹാരാഷ്ട്ര)	1.7501
6.	കൈഗാ പ്രോജക്ട്	1.62

ലോവർ പെരിയാർ വൈദ്യുത പദ്ധതിയുടെ കൺസൾട്ടൻസി സംബന്ധിച്ച് സ്റ്റേറ്റ് വിജിലൻസിന്റെ അന്വേഷണം

91 (256) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോവർ പെരിയാർ വൈദ്യുത പദ്ധതിയുടെ കൺസൾട്ടൻസി ഇനത്തിൽ 13 ലക്ഷത്തിലേറെ യു.എസ്. ഡോളർ അപഹരിച്ചതായുള്ള സ്റ്റേറ്റ് വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ടിന്മേൽ എന്തു നടപടി കൈകൊണ്ടു;

(ബി) ഈ റിപ്പോർട്ടിൽ 3-ാം പ്രതിയായി ചേർത്തിട്ടുള്ള എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനിക്കെതിരെ ഇല്ക്ട്രിസിറ്റി ബോർഡും ഗവൺമെന്റും എന്തു നടപടി സ്വീകരിച്ചു;

(സി) 1-1-1997 മുതൽ 31-1-2000 വരെ ഏതെല്ലാം പദ്ധതികൾക്കുള്ള കരാറുകൾ എസ്.എൻ.സി ലാവലിന് നൽകുകയുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ പദ്ധതിക്കുമുള്ള കരാർ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലോവർ പെരിയാർ പദ്ധതിയുടെ കൺസൾട്ടൻസി ഇനത്തിൽ 13 ലക്ഷത്തിലേറെ യു.എസ്.ഡോളറിന്റെ നഷ്ടം സംസ്ഥാന വൈദ്യുതി ബോർഡിന് വരുത്തി എന്ന ആരോപണത്തിന് മേൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ 16/97 (തിരുവനന്തപുരം) നമ്പരായി രജിസ്റ്റർ ചെയ്ത വിജിലൻസ് കേസിന്റെ അന്വേഷണ റിപ്പോർട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ പരിശോധനയിലാണ്.

(ബി) അന്വേഷണ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട രേഖകളുടെയും സൂക്ഷ്മ പരിശോധന പൂർത്തിയായ ശേഷമേ ഈ കേസിലെ മൂന്നാം പ്രതിയായ എസ്.എൻ.സി.ലാവലിൻ എന്ന കനേഡിയൻ കമ്പനി ഉൾപ്പെടെയുള്ള പ്രതികൾക്കെതിരെ എന്തു നടപടി സ്വീകരിക്കണമെന്ന് തീരുമാനിക്കുവാൻ സാധിക്കുകയുള്ളു.

(സി&ഡി) പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പ്രോജക്ടുകളുടെ നവീകരണത്തിനായി സാധനസാമഗ്രികൾക്കും കൺസൾട്ടൻസി സർവ്വീസിനു വേണ്ടി എസ്.എൻ.സി ലാവലിൻ എന്ന കമ്പനിയുമായി 24-2-1996-ൽ കരാർ ഒപ്പു വച്ചിട്ടുണ്ട്. അതിനു ശേഷം ഇവരുമായി പുതിയ കരാറുകൾ ഒപ്പു വച്ചിട്ടില്ല.

ഗാർഹികാവശ്യത്തിന് അനുവദിച്ച വൈദ്യുത കണക്ഷൻ

92 (257) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. ഗവൺമെന്റ് 1996-ൽ അധികാരത്തിലേറിയതിനു ശേഷം പുതുതായി എത്ര വൈദ്യുതി കണക്ഷനുകളാണ് ഗാർഹികാവശ്യത്തിന് നൽകിയിട്ടുള്ളതെന്ന ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇനി ഓരോ ജില്ലയിലും വൈദ്യുതി കണക്ഷന് വേണ്ടിയുള്ള എത്ര അപേക്ഷകളാണുള്ളത്;

(സി) അവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഏതു തീയതി വരെ അപേക്ഷ നൽകിയിട്ടുള്ളവർക്ക് അടിയന്തിര മായി വൈദ്യുതി കണക്ഷൻ നൽകാൻ കഴിയും എന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly